പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3643

15/7/2015-ലെ മറുപടിയ്ക്ക്

## ചുമട്ട് തൊഴിലാളി കാർഡുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) ചുമട്ട് തൊഴിലാളി കാർഡുകൾ ആരെങ്കിലും അനർഹമായി കരസ്ഥമാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ രണ്ടും, കൊല്ലം ജില്ലയിൽ പന്ത്രണ്ടും തൊഴിലാളികൾ അനർഹമായി ചുമട്ട് തൊഴിലാളി കാർഡുകൾ കരസ്ഥമാക്കിയതായി കണ്ടെത്തിയിട്ടുണ്ട്. |
| ബി) ഇത്തരം കാർഡുകൾ കൈവശപ്പെടുത്തിയവരെ കണ്ടെത്താനും ഇവ റദ്ദുചെയ്യാനും നടപടി സ്വീകരിക്കുമോ; | ബി) | അനർഹമായി കൈവശപ്പെടുത്തിയ കാർഡുകൾ റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്. |
| സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്? | സി) | ഇതിനായി ജില്ലയിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, അവരുടെ അധികാര പരിധിയിൽ, നിലവിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ കാർഡുകൾ, പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. അനധികൃതമായി ചുമട്ടുതൊഴിൽ തിരിച്ചറിയൽ കാർഡ് കരസ്ഥമാക്കിയ ചുമട്ട് തൊഴിലാളികളുടെ കാർഡുകൾ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ ഉത്തരവിലൂടെ റദ്ദ് ചെയ്യുകയും, കാർഡിനുള്ള അപേക്ഷകൾ നിയമാനുസൃതം പരിശോധിക്കാതെയും ക്രമരഹിതമായും തിരിച്ചറിയൽ കാർഡ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ